**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3118** **11-03-2025 - ൽ മറുപടിക്ക്**

**കഴക്കൂട്ടം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കഴക്കൂട്ടം മണ്ഡലത്തിലെ കടംകംപള്ളി എഫ്.എച്ച്.സി.യുടെ പുതിയ കെട്ടിടം, മെഡിക്കൽ കോളേജ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പുതിയ മന്ദിരത്തിന്റെ ഒന്നും രണ്ടും ഘട്ട നിർമ്മാണം, ചേങ്കോട്ടുകോണം, കാര്യവട്ടം, കുളത്തൂർ, പൗണ്ട്കടവ് എന്നിവിടങ്ങളിലെ ഗവൺമെന്റ് എൽ.പി. സ്കൂളുകൾക്ക് പുതിയ കെട്ടിടം, കഴക്കൂട്ടം വനിതാ ഐ.ടി.ഐ. അഡ്മിനിസ്ട്രേഷൻ ബ്ലോക്ക്, കാര്യവട്ടം ഗവൺമെന്റ് കോളേജ് എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അവയുടെ പൂർത്തീകരണം സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമാക്കാമോ? | (എ) | കടകംപള്ളി എഫ്.എച്ച്.സി. രണ്ടാം നിലയുടെ സ്ട്രക്ചറൽ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന തീയതി: 11/10/2025.<br><br>മെഡിക്കൽ കോളേജ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ ഒന്നാം ഘട്ടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിന്റെ സ്ട്രക്ചറൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഒന്ന്, രണ്ട് നിലയുടെയും ടവർ റൂമിന്റേയും ബ്ലോക്ക് വർക്കുകൾ പുരോഗമിച്ചു വരുന്നു. രണ്ടാംഘട്ട പ്രവൃത്തിയുടെ പൂർത്തീകരണം പ്രതീക്ഷിക്കുന്ന തീയതി: 31/08/2025.<br><br>ചെങ്കോട്ടുകോണം എൽ.പി.സ്കൂളിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ചു. (28.02.2025 തീയതിയിൽ ഒന്നാം ഘട്ടത്തിന്റെ ഉദ്ഘാടനം ചെയ്തു.)<br><br>കാര്യവട്ടം എൽ.പി. സ്കൂളിന്റെ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ടതല്ല. കാര്യവട്ടം UP Schoolന്റെ ഒന്നാം നിലയുടെ സ്ട്രക്ചറൽ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന തീയതി: 31/12/2025<br><br>ഗവൺമെന്റ് എച്ച്.എസ്.എൽ.പി. കുളത്തൂർ സ്കൂളിന്റെ സ്ട്രക്ചറൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. ബ്ലോക്ക് വർക്ക് പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ